**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് – അരിക്കുളം ഗ്രാമപഞ്ചായത്ത് - 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ മികച്ച പ്രാദേശിക സർക്കാരുകൾക്കുള്ള അവാർഡായി വികസന ഫണ്ടിനത്തിലെ പൊതു വിഭാഗത്തിൽ നിന്നും 2018-19 സാമ്പത്തിക വർഷം അനുവദിച്ചതും ചെലവഴിക്കാൻ കഴിയാതിരുന്നതുമായ തുക പുന:രനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - എ) വകുപ്പ്**

സ.ഉ. (സാധാ)നം. 7275/2019/ധന തിരുവനന്തപുരം, തീയതി, 16/09/2019

---

പരാമർശം: 1. 01/08/2018 തീയതിയിലെ സ.ഉ. (സാധാ) നം. 6522/2018/ധന നമ്പര് ഉത്തരവ്

2. 30/07/2019 തീയതിയിലെ അരിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ എ2. 018/ 2018 നമ്പർ കത്ത്

3. 24/08/2019 തീയതിയിലെ ട്രഷറി ഡയറക്ടറുടെ TRY/11764/2019-E2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ മികച്ച പ്രാദേശിക സർക്കാരുകൾക്കുള്ള അവാർഡായി വികസന ഫണ്ടിനത്തിലെ പൊതു വിഭാഗത്തിൽ നിന്നും പരാമർശം (1) പ്രകാരം അരിക്കുളം ഗ്രാമപഞ്ചായത്തിന് അനുവദിച്ചതും ചെലവഴിക്കാൻ കഴിയാതിരുന്നതുമായ തുക പുന:രനുവദിക്കണമെന്ന് അരിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (3) പ്രകാരം ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അരിക്കുളം ഗ്രാമപഞ്ചായത്തിന് 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ മികച്ച പ്രാദേശിക സർക്കാരുകൾക്കുള്ള അവാർഡായി അനുവദിച്ചതും ചെലവഴിക്കാൻ കഴിയാതിരുന്നതുമായ തുകയായ 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) വികസന ഫണ്ടിനത്തിലെ പൊതു വിഭാഗത്തിൽ "3604-00-200-86-(05)-35 NP" എന്ന ശീർഷകത്തിൽ നിന്നും പുന:രനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ.ബി.**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ

അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്, അരിക്കുളം ഗ്രാമപഞ്ചായത്ത്, അരിക്കുളം, കോഴിക്കോട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ളിയു-ജെ/ ഡെവലപ്. വിംഗ്/എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 1267395)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ